തടവുകാർക്ക് തൊഴിൽ പരിശീലനം

261(3083) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലുകളിൽ കഴിയുന്ന തടവുകാർക്ക് ഏതെല്ലാം തൊഴിലുകളിൽ പരിശീലനം നൽകുന്നുണ്ട് ;

(ബി) ജയിലുകൾക്ക് പുറത്ത് ഇവർക്ക് പരിശീലനം നൽകുന്നതിന് ഏതെല്ലാം ഏജൻസികളെ നിയോഗിച്ചിട്ടുണ്ട് ;

(സി) എല്ലാ അന്തേവാസികൾക്കും തൊഴിൽ പരിശീലനം നൽകുന്നുണ്ടോയെന്ന് വിശദമാക്കാമോ ;

(ഡി) ഇവർക്ക് കാലാനുസൃതമായി പുതിയ തൊഴിൽ മേഖലകളിൽ പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഭക്ഷണോത്പാദനം, കാർപ്പെന്ററി, വീവിംഗ്, ഡയറി ഫാം, ഇഷ്ടിക നിർമ്മാണം, ടെയിലറിംഗ്, സോപ്പ് നിർമ്മാണം, പ്ലംബിംഗ് ആന്റ് സാനിട്ടറി, ഇലക്ട്രിക്കൽ വർക്സ്, ബ്യൂട്ടീഷ്യൻ പരിശീലനം, ഡ്രൈവിംഗ് പരിശീലനം, തെങ്ങുകയറ്റ പരിശീലനം, ഷെഫ് പരിശീലനം, ആഭരണ നിർമ്മാണം, ഹൈടെക് ഫാമിംഗ്, കമ്പ്യൂട്ടർ പരിശീലനം, കട നിർമ്മാണം, കെട്ടിട നിർമ്മാണം എന്നിവയിൽ തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്നുണ്ട്.

(ബി) ജയിലുകൾക്ക് പുറത്ത് തടവുകാർക്ക് പരിശീലനം നൽകാറില്ല.

(സി) സെൻട്രൽ ജയിൽ, തുറന്ന ജയിൽ, വനിതാ ജയിൽ, ജില്ലാ ജയിൽ എന്നിവിടങ്ങളിലെ ശിക്ഷാ പ്രതികളായ അന്തേവാസികൾക്ക് തൊഴിൽ പരിശീലനം നൽകിവരുന്നു.

(ഡി) കാലാനുസൃതമായ തൊഴിലുകളായ ഭക്ഷണോത്പാദനം, കാർപ്പെന്ററി, വീവിംഗ്, ഡയറി ഫാം, ഇഷ്ടിക നിർമ്മാണം, ടെയിലറിംഗ്, സോപ്പ് നിർമ്മാണം, പ്ലംബിംഗ് ആന്റ് സാനിട്ടറി, ഇലക്ട്രിക്കൽ വർക്സ്, ബ്യൂട്ടീഷ്യൻ പരിശീലനം, ഡ്രൈവിംഗ് പരിശീലനം, തെങ്ങുകയറ്റ പരിശീലനം, ഷെഫ് പരിശീലനം, ആഭരണ നിർമ്മാണം, ഹൈടെക് ഫാമിംഗ്, കമ്പ്യൂട്ടർ പരിശീലനം, കട നിർമ്മാണം, കെട്ടിട നിർമ്മാണം എന്നിവയിൽ തടവുകാർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly